# കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് – ചടയമംഗലം ഗ്രാമപഞ്ചായത്ത് – ചടയമംഗലം വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട ഒരു ഏക്കർ സ്ഥലം സോയിൽ കൺസർവ്വേഷൻ സ്റ്റേറ്റ് ലെവൽ ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിനായി വിട്ടുകൊടുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

**സ.ഉ.(സാധാ) 3281/2008/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, സെപ്റ്റംബർ 03, 2008**

പരാമർശം : 1. ചടയമംഗലം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 17-05-2008-ലെ VI (10)-ാം നമ്പർ തീരുമാനം.

2. പഞ്ചായത്ത് ഡയറക്ടറുടെ 05-08-2008-ലെ സി.2-14032/08 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കൊല്ലം ജില്ലയിലെ ചടയമംഗലം ഗ്രാമപഞ്ചായത്ത്, ചടയമംഗലം വില്ലേജിൽ ബ്ലോക്ക് നമ്പർ 42-ൽ സർവ്വേ നമ്പർ 172/1 മുതൽ 10, 13, 21, 180/10 മുതൽ 18 വരെയുള്ള 5 ഏക്കർ 10 സെന്റ് സ്ഥലത്തു നിന്നും ഒരു ഏക്കർ സ്ഥലം സോയിൽ കൺസർവ്വേഷൻ സ്റ്റേറ്റ് ലെവൽ ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിനു വേണ്ടി വിട്ടുകൊടുക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. 100% കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന 'നാഷണൽ വാട്ടർ ഷെഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഫോർ റെയിൻഫെഡ് ഏരിയാസ് ' (NWDPRA)-ൽ പ്പെടുത്തി മേൽ ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിനുള്ള അനുമതി, 07.04.2008-ലെ സ.ഉ.(സാധാ) നം.701/2008/അഗ്രി. പ്രകാരം നൽകിയിട്ടുണ്ട്. NWDPRA-യ്ക്ക് സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ ഫലവത്തായ പ്രവർത്തനം സാദ്ധ്യമാകുന്നില്ലെന്നും ആയതിനാൽ ഒരു ഏക്കർ സ്ഥലം ആയതിനായി വിട്ടു നൽകണമെന്നും കൃഷി ഡയറക്ടർ ചടയമംഗലം ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൈമാറാൻ ഉദ്ദേശിക്കുന്ന സ്ഥലം ഗ്രാമപഞ്ചായത്ത് വിവിധ ആവശ്യങ്ങൾക്കായി തനത് ഫണ്ട് വിനിയോഗിച്ച് വിലയ്ക്കു വാങ്ങിയിട്ടുള്ളതാണെന്നും ആയത് കൈമാറുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനാർഹമാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

(2) ചടയമംഗലം ഗ്രാമപഞ്ചായത്തിന്റ പരാമർശം (1)-ലെ തീരുമാനത്തിന്റേയും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടേയും അടിസ്ഥാനത്തിൽ ചടയമംഗലം വില്ലേജിൽ

ബ്ലോക്ക് നമ്പർ 42-ൽ സർവ്വേ നമ്പർ 172/1 മുതൽ 10, 13, 21, 180/10 മുതൽ 18 വരെയുള്ള 5 ഏക്കർ 10 സെന്റ് സ്ഥലത്തു നിന്നും ഒരു ഏക്കർ സ്ഥലം സോയിൽ കൺസർവ്വേഷൻ സ്റ്റേറ്റ് ലെവൽ ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിനു വേണ്ടി വിട്ടുകൊടുക്കുന്നതിന് താഴെ പറയുന്ന നിബന്ധനകളുടെയടിസ്ഥാനത്തിൽ ചടയമംഗലം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(i) ഗ്രാമപഞ്ചായത്ത് കൈമാറുന്ന സ്ഥലം ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനത്തിനു മാത്രമേ വിനിയോഗിക്കുവാൻ പാടുള്ളൂ.

(ii) ഏതെങ്കിലും കാരണവശാൽ ട്രെയിനിംഗ് സെന്റർ പ്രവർത്തിപ്പിക്കുവാൻ കഴിയാതെ വന്നാൽ സ്ഥലം തിരികെ ഗ്രാമപഞ്ചായത്തിൽ പുന:ർനക്ഷിപ്തമാകും ;

(iii) ഇത് സംബന്ധമായി കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചിരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**റ്റി.ശ്യാമളകുമാരി**
**ഡെപ്യൂട്ടി സെക്രട്ടറി**

To

സെക്രട്ടറി/പ്രസിഡന്റ്, ചടയമംഗലം ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല.
ജില്ലാ കളക്ടർ, കൊല്ലം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**